LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസുള്ള തോക്കുകൾ

88 [812] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. സി. പി. മുഹമ്മദ്:
,, ജോർജ് ജെ. മാത്യു:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർ ലൈസൻസുള്ള തോക്ക് കൈവശം വച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ലൈസൻസ് ആവശ്യമില്ലാത്ത എയർ ഗണ്ണുകളും പിസ്റ്റലുകളും എത്രപേർ കൈവശം വച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇതു സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

പോലീസ് വകുപ്പിൽ സോഷ്യൽ ആഡിറ്റ്

89 [813] ശ്രീ. പി. ജെ. ജോയി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെയും പോലീസുകാരുടെയും പ്രവർത്തനങ്ങളെപ്പറ്റി ഒരു സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കുമോ;

(സി) വിവരങ്ങൾ അറിയുവാനുള്ള അവകാശം നിയമംമൂലം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെയും പോലീസുകാരുടേയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് ഇവ സംബന്ധിച്ച് ഒരു സോഷ്യൽ ആഡിറ്റിനുള്ള സൗകര്യം കൂടുതൽ ഗുണകരമായിരിക്കുമോ?

ഉത്തരം

(എ) യഥാസമയം ആഡിറ്റ് നടത്തുന്നുണ്ട്. എന്നാൽ സോഷ്യൽ ആഡിറ്റ് നടത്തിയിട്ടില്ല.

(ബി) സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) വിവരങ്ങൾ അറിയുവാനുള്ള അവകാശം നിയമംമൂലം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിന്റെയും പോലീസുകാരുടേയും പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത നിയമ വ്യവസ്ഥകൾ പാലിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിനെ സംബന്ധിച്ച് സോഷ്യൽ ആഡിറ്റ് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.